(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തു സഹായമാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയതായി ഗോഡൗണുകളും പണിത് സംഭരണ ശേഷി വർദ്ധിപ്പിക്കും എന്ന് പ്രതീക്ഷിക്കുന്നു.

പച്ചക്കറി മാർക്കറ്റിംഗ് സൊസൈറ്റികൾ

503 [558] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര പച്ചക്കറി മാർക്കറ്റിംഗ് സൊസൈറ്റികൾ ഉണ്ട്;

(ബി) ഇതുവഴി പച്ചക്കറികൾ വിതരണം നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ അതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പന്ത്രണ്ട്.

(ബി) രണ്ട് സംഘങ്ങളൊഴികെ ബാക്കിയുള്ളവ വിതരണം നടത്തുന്നുണ്ട്. ഈ രണ്ട് സംഘങ്ങളും പ്രവർത്തനരഹിതമാണ്.

വെണ്ണിക്കുളത്ത് ഒരു റേഷൻ ഹോംസെയിൽ ഡിപ്പോ

504 [559] ശ്രീ. റ്റി. എസ്. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പള്ളി താലൂക്കിന്റെ രൂപീകരണത്തോടെ വെണ്ണിക്കുളത്ത് ഒരു റേഷൻ ഹോംസെയിൽ ഡിപ്പോ തുടങ്ങണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ഗവൺമെന്റിന് കിട്ടിയിട്ടുണ്ടോ;

(ബി) ഉടൻതന്നെ ഒരു ഡിപ്പോ വെണ്ണിക്കുളത്ത് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

പീരുമേട്ടിലെ എഫ്. സി. ഐ. ഡിപ്പോ

505 [560] ശ്രീ. കെ. കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട്ടിലെ എഫ്.സി.ഐ. ഡിപ്പോ നിർത്തലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ പകരം ഏർപ്പെടുത്തുന്ന സംവിധാനം എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ നടപടിക്രമങ്ങൾ എവിടംവരെയായിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സഹകരണ സംഘത്തേയോ പ്രൈവറ്റ് ഏജൻസിയേയോ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) മൊത്ത വിതരണ ഏജൻസികൾക്കുവേണ്ടി ലഭിച്ച അപേക്ഷകൾ ജില്ലാ കളക്ടർ പരിശോധിച്ചുവരികയാണ്.

1985 മുതൽ 1986 മേയ്വരെ സ്വകാര്യ വ്യക്തികൾക്ക് അനുവദിച്ച ഹോംസെയിൽ ഡിപ്പോകൾ

507 [561] ശ്രീ. വി. കെ. രാജൻ:

,, കെ. ഇ. ഇസ്മയിൽ:

,, കെ. ആർ. ചന്ദ്രമോഹനൻ:

ഡോ. എ. സുബ്ബറാവു:

ശ്രീ. കെ .ററി. കണാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985 ജനുവരി മുതൽ 1986 മേയ് 31 വരെ എത്ര ഹോംസെയിൽ ഡിപ്പോകൾ സ്വകാര്യ വ്യക്തികൾക്ക് അനുവദിച്ചിട്ടുണ്ട്;

(ബി) അവ എവിടെയെല്ലാം?

ഉത്തരം

(എ) ആറ് ഹോംസെയിൽ ഡിപ്പോകൾ സ്വകാര്യ വ്യക്തികൾക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) ആലുവ, വാടാനപ്പള്ളി, ആലപ്പാട്, വണ്ടൂർ, മഞ്ചേശ്വരം, കാസർകോഡ് എന്നീ സ്ഥലങ്ങളിൽ.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മോട്ടോർ സ്പെയർ പാർട്സ് വിൽപ്പന

508 [562] ശ്രീ. എം. പി. എം. ഇസ്ഹാക്കുരിക്കൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ മോട്ടോർ സ്പെയർ പാർട്സ് വിൽപ്പന തുടങ്ങുവാൻ ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ?

LIBRARY ARCHIVES Kerala Legislative Assembly